

**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# വ്യവസായ രംഗത്തും കേരളം മാതൃകയാവുകയാണ്

വ്യവസായ രംഗത്ത് സംരംഭകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നല്ലൊരു വ്യവസായ അന്തരീക്ഷം കൊണ്ടുവന്നിരിക്കുകയാണ് സംസ്ഥാനം. കാലഹരണപ്പെട്ട നിയമങ്ങൾ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് വിലങ്ങു തടിയാകുന്നുവെന്ന പരാതികൾ വ്യവസായികളിൽ നിന്നുണ്ടായപ്പോൾ അത് പരിഹരിക്കുമെന്ന ഉറപ്പ് ഈ സർക്കാർ നൽകിയിരുന്നു. ആ വാക്ക് പാലിക്കുന്നതിനായി കാലതാമസമില്ലാതെ തന്നെ തുടർനടപടികൾ ഈ സർക്കാർ കൈക്കൊള്ളുകയും ചെയ്തു. മെയ് മാസം അധികാരത്തിലെത്തിയ സർക്കാർ ആഗസ്ത് മാസത്തിൽ തന്നെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ശിക്ഷാവ്യവസ്ഥകൾ പരിഹരിക്കുന്നതിനുമായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. കൊച്ചി ദേശീയ നിയമ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. സി. സണ്ണി അദ്ധ്യക്ഷനും നിയമപരിഷ്കരണ കമ്മീഷൻ വൈസ് ചെയർമാൻ ശ്രീ. കെ. ശശിധരൻ നായർ അംഗവും മുൻ കേന്ദ്ര സർക്കാർ സെക്രട്ടറി ശ്രീ. ടി. നന്ദകുമാർ ഐ. എ. എസ് പ്രത്യേക ക്ഷണിതാവുമായ സമിതി കോവിഡ് കാലഘട്ടത്തിലും സ്തുത്യർഹമായ വിധത്തിൽ പ്രവർത്തിക്കുകയും ആറ് മാസം കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

കേരളം നിക്ഷേപകർക്കൊപ്പമാണെന്ന് വാക്കാൽ മാത്രമല്ല പ്രവർത്തനത്തിലൂടെയും തെളിയിക്കുകയാണ് സർക്കാർ. അതിനായി സർക്കാർ നിയോഗിച്ച സമിതി അവരുടെ പ്രവർത്തനഘട്ടത്തിൽ 27 വ്യാപാര വ്യവസായ സംഘടനകളുൾപ്പെടെ 110 ഓളം സംരംഭകരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു. അങ്ങനെ ലഭിച്ച 650 ലധികം നിർദ്ദേശങ്ങളും പരാതികളും സ്വീകരിച്ചുകൊണ്ട് വിവിധ സർക്കാർ വകുപ്പുകളുമായി ചർച്ച ചെയ്തതിനുശേഷം കേരളത്തിലെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും വിലയിരുത്തിക്കൊണ്ട് കൂടിയാണ് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

സംരംഭകർക്കനുകൂലമായി വ്യവസായ മേഖലയിലെ നിയമങ്ങളുടെ സമൂലമായ മാറ്റമാണ് സമിതി ശുപാർശ ചെയ്യുന്നത്. വ്യവസായങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള വിവിധ നിയമങ്ങളെ ഏകീകരിക്കുന്നതിനുള്ള ശുപാർശ വളരെ പ്രധാനപ്പെട്ടതും വ്യവസായികൾക്ക് ആശ്വാസം പകരുന്നതുമാണ്. സംരംഭകരിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ 12 നിയമങ്ങളിലെ 22 വകുപ്പുകളും 13 ചട്ടങ്ങളിലെ 23 വകുപ്പുകളും ഭേദഗതി ചെയ്യുന്നതിനുള്ള സമിതി നിർദ്ദേശവും സർക്കാരിന് മുന്നിലെത്തിയിട്ടുണ്ട്. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനായുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് ശരവേഗം പകരുന്ന ഈ റിപ്പോർട്ട് എത്രയും പെട്ടെന്ന് തന്നെ പ്രവർത്തികമാക്കാൻ ശ്രമിക്കുന്നതായിരിക്കും.